**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 123** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | ഗോൾഡ് പാലസ് ജ്വല്ലറി തട്ടിപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി, നാദാപുരം എന്നീ പോലീസ് സ്റ്റേഷനുകളിലായി ആകെ 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 9 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി പ്രാഥമിക കുറ്റപത്രം ബഹു. നാദാപുരം JFMC-1 മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പയ്യോളി പോലീസ് സ്റ്റേഷനിലെ 4 കേസുകൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത തട്ടിപ്പിനിരയായവർക്ക നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ഈ തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ വീടും സ്ഥാപനങ്ങളും പരിശോധന നടത്തി സ്വർണ്ണവും പ്രതികളുടെയും കുടുംബാംഗങ്ങളുടെയും ആധാരങ്ങളും ബാങ്ക് അക്കൗണ്ടുകളുടെ രേഖകളും ബന്തവസ്സിലെടുക്കുകയും, ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്ക് മാനേജർമാർക്ക് കത്ത് നൽകുകയും സ്വത്ത് വകകൾ കൈമാറ്റം ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ